ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നിർമിത ബുദ്ധി സമൂഹത്തിൽ പരിവർത്തനം സാധ്യമാക്കുമെന്ന് ഇന്ത്യൻ എ.ഐ സ്റ്റാർട്ട്അപ്പ് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi today highlighted the importance of artificial intelligence in bringing about transformation in society. Prime Minister chaired the roundtable with Indian AI Start-Ups at his residence in New Delhi.**

2. വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന് നാളെ ന്യൂഡൽഹിയിൽ തുടക്കം.

**The Viksit Bharat Young Leaders Dialogue to begin in New Delhi tomorrow.**

3. ആധാറിൻറെ ഔദ്യോഗിക ചിഹ്നമായ ഉദയ് പുറത്തിറക്കി **UIDAI.** ഔദ്യോഗിക ചിഹ്നം രൂപകല്പന ചെയ്തത് തൃശ്ശൂരിൽ നിന്നുള്ള അരുൺ ഗോകുൽ.

**UIDAI releases "Uday", the official logo of Aadhaar. The logo has been designed by Arun Gokul from Thrissur.**

4. എസ്.ഐ.ആറുമായി ബന്ധപ്പെട്ട് വി.ഐ.പി- പ്രവാസി വോട്ടർമാർക്ക് ഹിയറിങ്ങിന് ഹാജരാകാതെ രേഖകൾ സമർപ്പിച്ച് വേരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

**Chief Electoral Officer Rattan U. Kelkar says VIP /expatriate voters can complete the verification process as part of SIR by submitting documents without appearing for hearings.**

5. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി മറ്റന്നാൾ കേരളത്തിലെത്തും.

**Union Home Minister Amit Shah to arrive in Kerala on Saturday to attend various programmes.**

6. ആഷസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ആസ്ട്രേലിയ.

**Australia clinches the Ashes Test cricket series.**

☸☸☸☸☸☸☸☸☸☸☸☸☸

**PM – INDIAN AI STRAT UPs**

നിർമിത ബുദ്ധി സമൂഹത്തിൽ പരിവർത്തനം സാധ്യമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യൻ എ.ഐ സ്റ്റാർട്ട്അപ്പ് യോഗത്തിന് ന്യൂഡൽഹിയിലെ വസതിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു പ്രധാനമന്ത്രി. അടുത്ത മാസം ഇന്ത്യയിൽ നടക്കാനിരിക്കുന്ന ഇന്ത്യ എ.ഐ ഇംപാക്ട് ഉച്ചകോടിയ്ക്ക് മുന്നോടി ആയാണ് യോഗം ചേർന്നത്. ഉച്ചകോടിയിലേക്ക് യോഗ്യത നേടിയ പന്ത്രണ്ട് ഇന്ത്യൻ എ.ഐ സ്റ്റാർട്ടപ്പുകൾ യോഗത്തിൽ പങ്കെടുത്തു. ഇന്ത്യ എ.ഐ ഇംപാക്ട് ഉച്ചകോടിയുടെ ആതിഥേയത്വത്തിലൂടെ, രാജ്യത്തിന് സാങ്കേതിക മേഖലയിൽ

നിർണായക സ്ഥാനം വഹിക്കാൻ സാധിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. മെയ്ഡ് ഇൻ ഇന്ത്യ, മെയ്ഡ് ഫോർ ദി വേൾഡ് എന്ന ആശയത്തെ പ്രതിഫലിപ്പിക്കുന്ന സവിശേഷമായ AI മോഡൽ ഇന്ത്യ ലോകത്തിന് മുന്നിൽ അവതരിപ്പിക്കണമെന്നും പ്രധാനമന്ത്രി സ്റ്റാർട്ട് അപ് പ്രതിനിധികളോട് പറഞ്ഞു. എ.ഐ ആവാസവ്യവസ്ഥയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ രാജ്യം പുലർത്തുന്ന ശക്തമായ പ്രതിബദ്ധതയെ AI സ്റ്റാർട്ടപ്പുകൾ യോഗത്തിൽ അഭിനന്ദിച്ചു. കേന്ദ്ര ഇലക്ട്രോണിക്സ്, ഐ.റ്റി മന്ത്രി അശ്വിനി വൈഷ്ണവ്, സഹമന്ത്രി ജിതിൻ പ്രസാദ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

## VIKSIT BHARAT DIALOGUE (INTRO)

വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നാളെ തുടക്കം. നാലു ദിവസത്തെ പരിപാടിയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവജനങ്ങൾ വികസിത ഇന്ത്യയുമായി ബന്ധപ്പെട്ട ആശയങ്ങൾ പ്രധാനമന്ത്രിയ്ക്ക് മുൻപിൽ പങ്കുവയ്ക്കും. രാഷ്ട്രീയ ഭേദമില്ലാതെ ഒരു ലക്ഷം ഭാവി നേതാക്കളെ വാർത്തെടുക്കാനാണ് വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര യുവജനകാര്യ മന്ത്രി മൻസുഖ് മാണ്ഡവ്യ പറഞ്ഞു.

(വോയിസ്)

ഈ മാസം 12 ന് നടക്കുന്ന വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന് സമാപന സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. രാജ്യത്തു നിന്നും വിദേശത്തു നിന്നുമായി 2,500 ഓളം യുവജനങ്ങളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. കേരളത്തെ പ്രതിനിധീകരിച്ച് 60-ഓളം യുവതി യുവാക്കൾ ഇതിൻറെ ഭാഗമാവും.

## UIDAI-MASCOT

ആധാറിൻറെ ഔദ്യോഗിക ചിഹ്നമായ ഉദയ് പുറത്തിറക്കി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ. ഔദ്യോഗിക ചിഹ്നം രൂപകല്പന ചെയ്യുന്നതിനായി സംഘടിപ്പിച്ച ദേശീയ തല മത്സരത്തിൽ തൃശ്ശൂരിൽ നിന്നുള്ള അരുൺ ഗോകുൽ ഒന്നാം സ്ഥാനം നേടി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ UIDAI ചെയർമാൻ നീലകണ്ഠ് മിശ്ര ഔദ്യോഗിക ചിഹ്നം അനാവരണം ചെയ്യുകയും വിജയികളെ അഭിനന്ദിക്കുകയും ചെയ്തു. മൈ-ഗവ് പ്ലാറ്റ്ഫോമിലൂടെ നടന്ന മത്സരത്തിലൂടെയാണ് ഔദ്യോഗിക ചിഹ്നം കണ്ടെത്തിയത്. വിദ്യാർത്ഥികളിൽ നിന്നും ഡിസൈനർമാരിൽ നിന്നുമായി 875 എൻട്രികൾ ഇതിനായി ലഭിച്ചിരുന്നു.

## AIR CHIEF MARSHAL- NCC CADETS ( INTRO)

ഉത്തരവാദിത്തമുള്ള പൗരനായി മാറാൻ രാജ്യസ്നേഹവും, അഭിമാനബോധവും കൂടിയേ തീരൂ എന്ന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ അമർ പ്രീത് സിങ്. ന്യൂഡൽഹിയിൽ NCC റിപ്പബ്ലിക് ഡേ ക്യാമ്പ് സന്ദർശിക്കുക ആയിരുന്നു അദ്ദേഹം. രാജ്യത്തിനായി എല്ലാവരും എന്തെങ്കിലും ചെയ്യണം എന്ന ചിന്ത വളർത്താൻ ഓപ്പറേഷൻ സിന്ദൂർ, ഉപകരിച്ചെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(വോയിസ് )

## SIR

എസ്.ഐ.ആറുമായി ബന്ധപ്പെട്ട് വിഐപി-പ്രവാസി വോട്ടർമാർക്ക് നേരിട്ട് ഹിയറിങ്ങിന് ഹാജരാകാതെ തന്നെ രേഖകൾ സമർപ്പിച്ച് വേരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ്

ഓഫീസർ രത്തൻ യു കേൽക്കർ. രേഖകളുടെ കാര്യത്തിൽ തൃപ്തരെങ്കിൽ ഉടൻ നടപടി പൂർത്തിയാക്കാനുള്ള അധികാരം ഇആർഒ/എഇആർഒ മാരിൽ നിക്ഷിപ്തമാണ്. ഹിയറിംഗിന് ഹാജരാകേണ്ട തിയ്യതികളിൽ തൃപ്തികരമായ രേഖകൾ സമർപ്പിക്കുന്ന പക്ഷം പ്രവാസി/വിഐപി വോട്ടർമാരെ ഇലക്ടറൽ റോളിൽ ഉൾപ്പെടുത്താനുള്ള സംവിധാനം ERONET ൽ പ്രവർത്തനക്ഷമമായിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.സംസ്ഥാനത്ത് SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാവുന്നതാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## SC- SIR

ബീഹാർ ഉൾപ്പടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ വോട്ടർ പട്ടിക തീവ്ര പരിഷ്കരണം നടപ്പാക്കുന്നത് ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ അന്തിമ വാദം കേൾക്കുന്നത് സുപ്രീം കോടതി ചൊവ്വാഴ്ചത്തേക്ക് മാറ്റി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്.

☸☸☸☸☸☸☸☸☸☸☸☸☸

## ECI- CEOs CONFERENCE

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ യോഗം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബീർ സിങ്ങ് സന്ധു, വിവേക് ജോഷി എന്നിവരും യോഗത്തിൽ പങ്കെടുത്തു. തിരഞ്ഞെടുപ്പ് നിർവഹണവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനമായ IICDEM ന് മുന്നോടിയായാണ് യോഗം

ചേർന്നത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഈ മാസം 21 മുതൽ 23 വരെയാണ് IICDEM നടക്കുക. വിവിധ രാജ്യങ്ങളിൽ നിന്നായി 100-ഓളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. അക്കാദമിക വിദഗ്ധർ, IIT, IIM, NLU, IIMC വിദ്യാർത്ഥികൾ എന്നിവരും IICDEM ൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

❁❁❁❁❁❁❁❁❁❁❁❁❁

## CM (INTRO)

വെനസ്വേലയിൽ അമേരിക്ക നടത്തിയ സൈനിക നടപടികളെ അപലപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. അന്താരാഷ്ട്ര നിയമങ്ങളോടുള്ള വെല്ലുവിളിയാണ് യു.എസ് നടപടിയെന്ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തെ അതിദാരിദ്ര്യ നിർമാർജനം തുടർപ്രക്രിയ ആണെന്നും അദ്ദേഹം വ്യക്തമാക്കി. അതിദാരിദ്ര്യ മുക്തമായ ഒരു കുടുംബവും പഴയ അവസ്ഥയിലേക്ക് പോകില്ലെന്ന് ഉറപ്പാക്കാൻ രണ്ടാം ഘട്ടത്തിൽ നടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയിസ്....)

☸☸☸☸☸☸☸☸☸☸☸☸☸

## AMIT SHAH

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി മറ്റന്നാൾ കേരളത്തിലെത്തും. ഞായറാഴ്ച തിരുവനന്തപുരത്ത് നടക്കുന്ന ബി.ജെ.പി യോഗങ്ങളിലും, കേരള കൗമുദി കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## GADKARI-ANNUAL MEETING

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗതാഗത മന്ത്രിമാരുടെ യോഗത്തിനു കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി ന്യൂഡൽഹിൽ ആധ്യക്ഷ്യം വഹിച്ചു. റോഡ് സുരക്ഷ, പൊതുഗതാഗതം തുടങ്ങി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ യോഗത്തിൽ നടന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## ASHES SERIES

ആഷസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പര ആസ്ട്രേലിയയ്ക്ക്. സിഡ്നിയിൽ നടന്ന അഞ്ചാം ടെസ്റ്റ് ജയിച്ചതോടെ പരമ്പര 4-1 നു ഓസീസ് സ്വന്തമാക്കി. അഞ്ചാം ദിനം ഇംഗ്ലണ്ട് ഉയർത്തിയ 160 റൺ വിജയലക്ഷ്യം 5 വിക്കറ്റ് നഷ്ടത്തിൽ ഓസ്ട്രേലിയ ഭേദിക്കുകയായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## PRAGATI

രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി 2015 ൽ തുടക്കം കുറിച്ച പ്രഗതി സംരംഭത്തിൻറെ 50-ാമത് യോഗം വിജയകരമായി നടന്നു. നിരവധി അടിസ്ഥാന സൗകര്യ പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ പ്രഗതി നിർണായ പങ്ക് വഹിച്ചിട്ടുണ്ട്. നഗര മേഖലയിലെ ഭവന, അടിസ്ഥാന സൗകര്യ പദ്ധതികളിൽ പ്രഗതി പ്ലാറ്റ്ഫോം സുപ്രധാന സംഭാവനകളാണ് നൽകിയത്. പിഎം ആവാസ് യോജന-അർബൻ, സ്മാർട്ട് സിറ്റി മിഷൻ, പിഎം-സ്വനിധി തുടങ്ങി ഏഴോളം നഗര കേന്ദ്രീകൃത പദ്ധതികൾ പ്രധാനമന്ത്രി പ്രഗതി യോഗങ്ങളിൽ നേരിട്ട് വിലയിരുത്തി. മന്ത്രാലയങ്ങൾക്കും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുമിടയിലെ ഏകോപനം ശക്തിപ്പെടുത്തി പദ്ധതികളുടെ വേഗം വർദ്ധിപ്പിക്കാനും ഈ സംരംഭത്തിലൂടെ സാധിച്ചു.